2024
JUNE
10
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




# സത്യപ്രതിജ്ഞ: പുതു മോടി, പുതു ചരിത്രം

## 30 ക്യാബിനറ്റ് മന്ത്രിമാർ, 72 അംഗ മന്ത്രിസഭ, മുതിർന്ന മന്ത്രിമാരെ നിലനിർത്തി

**ന്യൂഡൽഹി:** രാഷ്ട്ര ശിൽപ്പി ജവഹർലാൽ നെഹ്റുവിനു ശേഷം പ്രധാനമന്ത്രി പദത്തിൽ തുടർച്ചയായ മൂന്നാമൂഴം എന്ന ചരിത്രം കുറിച്ച് നരേന്ദ്ര മോദി. രാഷ്ട്രത്തലവന്മാർ മുതൽ സാധാരണക്കാരും തൊഴിലാളികളുമുൾപ്പെടെ 8000ലേറെ ക്ഷണിക്കപ്പെട്ട അതിഥികളെ സാക്ഷി നിർത്തി മോദി വീണ്ടും പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. ഇന്നലെ വൈകിട്ട് 7.15ന് രാഷ്ട്രപതി ഭവൻ അങ്കണത്തിലായിരുന്നു ചടങ്ങ്.

മോദിക്കു ശേഷം രണ്ടാമനായി രാജ്നാഥ് സിങ്ങാണ് സത്യപ്രതിജ്ഞ ചെയ്തത്. തുടർന്ന് അമിത് ഷായും നിതിൻ ഗഡ്കരിയും ജെ.പി. നഡ്ഡയും നിർമല സീതാരാമനും ഉൾപ്പെടെ നേതാക്കൾ സ്ഥാനമേറ്റു. ജെഡിഎസ് നേതാവ് എച്ച്.ഡി. കുമാരസ്വാമിയാണ് ഘടകകക്ഷികളിൽ നിന്ന് ആദ്യം അധികാരമേറ്റത്.

30 ക്യാബിനറ്റ് മന്ത്രിമാരും സ്വതന്ത്ര ചുമതലയുള്ള അഞ്ചു പേരടക്കം 41 സഹമന്ത്രിമാരുമാണ് ഇന്നലെ സ്ഥാനമേറ്റത്. സംസ്ഥാനത്ത് ബിജെപി അക്കൗണ്ട് തുറന്നു ചരിത്രം സൃഷ്ടിച്ച സുരേഷ് ഗോപിയും പതിറ്റാണ്ടുകളായി പാർട്ടിയുടെ ന്യൂനപക്ഷ മുഖം ജോർജ് കുര്യനുമാണ് കേരളത്തിൽ നിന്നു മന്ത്രിസഭയിലെത്തിയത്. ഇരുവരും സഹമന്ത്രിമാരാണ്.

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുക്കുന്നു.

നെഹ്റുവിന്റെ നേതൃത്വത്തിൽ മൂന്നു തവണയും കോൺഗ്രസ് ഒറ്റയ്ക്കു ഭൂരിപക്ഷം നേടിയിരുന്നു. എന്നാൽ, മോദിയുടെ മൂന്നാം സർക്കാരിൽ ബിജെപിക്ക് തനിച്ചു ഭൂരിപക്ഷമില്ല. 11 അംഗങ്ങളാണ് ഘടകകക്ഷികളിൽ നിന്നു സത്യപ്രതിജ്ഞ ചെയ്തത്. ടിഡിപിക്കും ജെഡിയുവിനും നിലവിൽ ഒരു ക്യാബിനറ്റ് മന്ത്രി സ്ഥാനമേ നൽകിയിട്ടുള്ളൂ.

സഖ്യകക്ഷികളെ കൂടുതലായി ആശ്രയിക്കുന്ന സർക്കാരാണെങ്കിലും രണ്ടാം മോദി സർക്കാരിലെ പ്രമുഖരെ നിലനിർത്തിയ പ്രധാനമന്ത്രി നയങ്ങളിലും ശൈലിയിലും മാറ്റമുണ്ടാവില്ലെന്ന സന്ദേശം നൽകി.



# കേരളത്തിന് ഇരട്ടി മധുരം

## സുരേഷ് ഗോപിയും ജോർജ് കുര്യനും ഇനി കേന്ദ്ര സഹമന്ത്രിമാർ

**ന്യൂഡൽഹി:** മൂന്നാം മോദി സർക്കാരിൽ സുരേഷ് ഗോപിയും ജോർജ് കുര്യനും സഹമന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. നേരത്തെ ദേശീയ ന്യൂനപക്ഷ കമ്മീഷനിൽ വൈസ് ചെയർമാനായിരുന്നു ജോർജ് കുര്യൻ.

ക്രിസ്ത്യൻ ന്യൂനപക്ഷ പ്രതിനിധിയെന്ന നിലയിലാണ് ജോർജ് കുര്യന് മന്ത്രിസഭയിൽ അംഗത്വം ലഭിച്ചത്. നാട്ടകം കോളജിൽ ഡിഗ്രിക്ക് പഠിക്കുമ്പോൾ വിദ്യാർഥി ജനതാ നേതാവിൽ നിന്നാണ് തുടക്കം.

ബിജെപി ദേശീയ നിർവാഹക സമിതി അംഗമായും സംസ്ഥാന സെക്രട്ടറിയായും സംസ്ഥാന വക്താവായും സംഘടനാ തലത്തിൽ നിർണായക ചുമതലകൾ ജോർജ് കുര്യൻ വഹിച്ചിട്ടുണ്ട്.



തൃശൂരിൽ നിന്നുള്ള എംപിയായിട്ടാണ് സുരേഷ് ഗോപി മോദി സർക്കാരിൽ അംഗമായത്. ശക്തമായ ത്രികോണ മത്സരത്തിൽ എൽഡിഎഫിലെ വി.എസ്.സുനിൽകുമാറിനെ 74686 വോട്ടിന്റെ ഭൂരിപക്ഷത്തിൽ പരാജയപ്പെടുത്തിയാണ് അദ്ദേഹം പാർലമെന്റിൽ എത്തിയത്.







# കൊച്ചിൻ മലബാർ ലയൺസ് ക്ലബ്ബ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ലയൺസ് ക്ലബ് ഡിസ്ട്രിക്ട് 318 സിയുടെ കീഴിൽ കൊച്ചിൻ മലബാർ ലയൺസ് ക്ലബ്ബിന്റെ ഉദ്ഘാടനം ഐ എം എ ഹാളിൽ ഡിസ്ട്രിക്ട് ഗവർണർ ഡോ. ബീന രവികുമാർ നിർവഹിച്ചു. കൊച്ചിൻ മലബാർ ക്ലബ്ബിന്റെ വിവിധ സ്ഥാനങ്ങളിലേക്കുള്ള ആരോഹണവും ചടങ്ങിൽ നടന്നു.സുബിൻ ചെറിയാൻ അധ്യക്ഷത വഹിച്ചു. മലബാറിൽ നിന്നും കൊച്ചിലേക്ക് ബിസിനസ് ആവശ്യാർഥവും തൊഴിൽ മേഖലയിലേക്കും എത്തിയവരുടെ കൂട്ടായ്മയിലൂടെ സ്നേഹത്തിനും ആതിഥേയത്വത്തിനും പേരുകേട്ട മലബാറിന്റെ കീർത്തി കൂടി എത്തിച്ചേരട്ടെയെന്ന് സുബിൻ ചെറിയാൻ പറഞ്ഞു.

തന്റെ കഴിഞ്ഞ രണ്ടു ഔദ്യോഗിക വർഷത്തിനിടെ 31ാമത് ക്ലബ്ബാണ് ഉദ്ഘാടനം നിർവഹിക്കുന്നതെന്ന് ന്യൂ ക്ലബ്സ് ജി ഇ ടി കോർഡിനേറ്റർ ഡോ. ആർക്കിടെക്ട് സി നജീബ് അറിയിച്ചു. ഇതിനു പിന്നാലെ കൊച്ചിൻ മറൈൻഡ്രൈവ് ക്ലബ്ബിന്റെ ഉദ്ഘാടനവും നടക്കുമെന്നും അദ്ദേഹം അറിയിച്ചു.പാസ്റ്റ് മൾട്ടിപ്പ്ൾ കൗൺസിൽ ചെയർമാനും ജി എ ടി ഏരിയ ലീഡറുമായ എ വി വാമൻകുമാർ, പാസ്റ്റ് മൾട്ടപ്പ്ൾ കൗൺസിൽ ചെയർമാൻ കുര്യൻ ജോൺ, ഗവർണർ ഇലക്ട് രാജൻ എൻ നമ്പൂതിരി, ഫസ്റ്റ് വി ഡി ജി കെ ബി ഷൈൻ കുമാർ, സെക്കന്റ് വി ഡി ജി ജയേഷ് വി എസ്, റീജ്യൻ ചെയർമാൻ 11 സിജി ജോയ്, ജൂബി വർഗ്ഗീസ്, ജോണി വർഗ്ഗീസ്, ബീന വാമൻ കുമാർ, ജോർജ് സാജു, ലളിത രാജൻ തുടങ്ങിയവർ പങ്കെടുത്തു.

ലയൺസ് ക്ലബ് ഓഫ് കൊച്ചിൻ മലബാറിന്റെ പ്രസിഡന്റായി ഹാഷിം ടി, സെക്രട്ടറിയായി നൗഫർ ബി സി, ട്രഷററായി സക്കരിയ കെ എന്നിവരെ തെരഞ്ഞെടുത്തു.




# ലോക ഭക്ഷ്യസുരക്ഷാ ദിനം ആചരിച്ചു

**കൊച്ചി:** അസോസിയേഷൻ ഓഫ് ഫുഡ് സയന്റിസ്റ്റ്സ് ആൻഡ് ടെക്നോളജിസ്റ്റ് ഇന്ത്യ (എഎഫ്എസ്റ്റിഐ) കൊച്ചിൻ ചാപ്റ്ററിന്റെയും നിറ്റാ ജലറ്റിൻ ഇന്ത്യ ലിമിറ്റഡിന്റെയും സംയുക്താഭിമുഖ്യത്തിൽ ലോക ഭക്ഷ്യസുരക്ഷാ ദിനം ആചരിച്ചു. നിറ്റാ ജലാറ്റിൻ കാക്കനാട് ഡിവിഷനിൽ നടന്ന ദിനാചരണം നിറ്റാ ജലറ്റിൻ സീനിയർ ജനറൽ മാനേജർ കെ പ്രദീപ് കുമാർ ഉദ്ഘാടനം ചെയ്തു. സിഐഎഫ്റ്റി മുൻ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.ടി വി ശങ്കർ മുഖ്യപ്രഭാഷണം നടത്തി.

അസോസിയേഷൻ ദേശിയ വൈസ് പ്രസിഡന്റ് ഡോ. ഡി ഡി നമ്പൂതിരി, എഎഫ്എസ്ടിഐ കൊച്ചിൻ ചാപ്റ്റർ പ്രസിഡന്റ് ഡോ. ജേക്കബ് മേലേടം, യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് സയൻസ് അസോസിയേറ്റ് പ്രൊഫ. ഡോ.മായ രാമൻ, നിറ്റാ ജലാറ്റിൻ ക്വാളിറ്റി അഷ്വറൻസ് വിഭാഗം മേധാവി ഡോ. കെ ആർ ചിത്ര, എഎഫ്എസ്ടിഐ കൊച്ചിൻ ചാപ്റ്റർ വൈസ് പ്രസിഡന്റ് കെ ശശികുമാർ, കൊച്ചിൻ ചാപ്റ്റർ സെക്രട്ടറി ജയൻ ജേക്കബ് എന്നിവർ സംസാരിച്ചു.




# വീക്കെൻഡ് കാർണിവൽ ഓഫറുകളുമായി നിസാൻ

**കൊച്ചി:** നിസാൻ മോട്ടോർ ഇന്ത്യ ഈ മാസം 15 നും 16 നും വീക്കെൻഡ് കാർണിവൽ പ്രഖ്യാപിച്ചു. ഡീലർഷിപ്പ് ശൃംഖലയിലുടനീളം നിസാൻ മാഗ്നൈറ്റ് ഉപഭോക്താക്കൾക്കായി എക്സ്ക്ലൂസീവ് ഓഫറുകൾ ഉണ്ടാകും. പ്രത്യേക സമ്മാനങ്ങൾ, ബുക്കിംഗിൽ എക്സ്ക്ലൂസീവ് ഗിഫ്റ്റുകൾ അല്ലെങ്കിൽ ആക്സസറികൾ, ഗെസ്സ എസ്ഇ മോഡലുകൾക്ക് മികച്ച ഡീലുകൾ എന്നിവയാണ് വീക്കെൻഡ് കാർണിവൽ ഓഫറിൽ ലഭ്യമാവുക. കൂടാതെ

സന്ദർശകർക്ക് ദിവസേനയുള്ള നറുക്കെടുപ്പിലൂടെ പ്രത്യേക കിഴിവുകളോ ആക്സസറികളോ നേടാനുള്ള അവസരവുമുണ്ട്.കാർണിവലിൽ മാതാപിതാക്കളോടൊപ്പം എത്തുന്ന കുട്ടികൾക്ക് പ്രത്യേക സമ്മാനങ്ങൾ ലഭിക്കും.

കൂടാതെ കളറിംഗ് ഉൾപ്പെടെ ആകർഷകമായ പ്രവർത്തനങ്ങളിൽ പങ്കാളികളുമാകാം. ഉപഭോക്തൃ സംതൃപ്തി ഉറപ്പാക്കാൻ എൻഎംഐപിഎൽ ലോയൽറ്റി പ്രോഗ്രാമും ഒരുക്കിയിട്ടുണ്ട്. എംടി എക്സ്ഇ, എഎംടി എക്സ്ഇ വേരിയന്റുകൾ ഒഴികെയുള്ള യോഗ്യരായ നിസാൻ, ഡാറ്റ്സൺ കാർ ഉടമകൾക്ക് 1,35,100 രൂപ വരെ ആനുകൂല്യങ്ങൾ ലഭിക്കും. പ്രത്യേക എക്സ്ചേഞ്ച്, ലോയൽറ്റി ഓഫറുകൾ, 3 വർഷത്തെ പ്രീപെയ്ഡ് മെയിന്റനൻസ് പ്രോഗ്രാം, എക്സ്ക്ലൂസീവ് ഫിനാൻസ് ഓപ്ഷനുകൾ എന്നിവയുൾപ്പെടെയാണിത്.

# സംസ്കൃത സർവ്വകലാശാലയിൽ നാല് വർഷ ബിരുദം, ബി. എഫ്. എ., ഡിപ്ളോമ പ്രവേശനം

## അവസാന തീയതി ജൂൺ 12

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിലും വിവിധ പ്രാദേശിക ക്യാമ്പസുകളിലും പുതുതായി ആരംഭിക്കുന്ന നാല് വർഷ ബിരുദം, ബി. എഫ്. എ., ഡിപ്ലോമ പ്രോഗ്രാമുകളിലേയ്ക്ക് ഓൺലൈനായി അപേക്ഷിക്കുവാനുള്ള അവസാന തീയതി ജൂൺ 12 വരെ ദീർഘിപ്പിച്ചു. കാലടി മുഖ്യ ക്യാമ്പസിൽ സംസ്കൃതംസാഹിത്യം, സംസ്!കൃതംവേദാന്തം, സംസ്കൃതം വ്യാകരണം, സംസ്കൃതംന്യായം, സംസ്!കൃതംജനറൽ, ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഹിസ്റ്ററി, ഫിലോസഫി, സോഷ്യൽ വർക്ക് (ബി. എസ്. ഡബ്ല്യു.) , സംഗീതം, ഡാൻസ് ഭരതനാട്യം, ഡാൻസ് മോഹിനിയാട്ടം, ബി. എഫ്. എ. എന്നീ നാല് വർഷ ബിരുദ പ്രോഗ്രാമുകളാണുണ്ടുള്ളത്. തിരുവനന്തപുരം (സംസ്!കൃതം ന്യായം, ഫിലോസഫി), പന്മന (സംസ്കൃതം വേദാന്തം, മലയാളം), കൊയിലാണ്ടി (സംസ്കൃതം വേദാന്തം, ജനറൽ, ഹിന്ദി), തിരൂർ (സംസ്!കൃതം വ്യാകരണം, ഹിസ്റ്ററി, സോഷ്യൽ വർക്ക് (ബി. എസ്. ഡബ്ല്യു.), പയ്യന്നൂർ (സംസ്കൃതം സാഹിത്യം, മലയാളം, സോഷ്യൽ വർക്ക് (ബി. എസ്. ഡബ്ല്യു.) ഏറ്റുമാനൂർ (സംസ്കൃതം സാഹിത്യം, ഹിന്ദി, ഡിപ്ലോമ ഇൻ ആയുർവേദ പഞ്ചകർമ്മ ആൻഡ് ഇന്റർനാഷണൽ സ്പാ തെറാപ്പി) എന്നീ പ്രാദേശിക ക്യാമ്പുസ്സുകളിലും നാല് വർഷ ബിരുദ പ്രോഗ്രാമുകൾക്ക്




അപേക്ഷിക്കാവുന്നതാണ്. ഡാൻസ് ഭരതനാട്യം, ഡാൻസ് മോഹിനിയാട്ടം, സംഗീതം എന്നിവ മുഖ്യ വിഷയമായ ബിരുദ പ്രോഗ്രാമുകൾക്ക് അഭിരുചി നിർണ്ണയ പരീക്ഷയുടെ കൂടി അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ പ്രവേശനത്തിനുള്ള ഉയർന്ന പ്രായപരിധി ജനറൽ / എസ് ഇ ബി സി വിദ്യാർത്ഥികൾക്ക് 2024 ജനുവരി ഒന്നിന് 23 വയസും എസ് സി / എസ് ടി വിദ്യാർത്ഥികൾക്ക് 25 വയസുമാണ് .

പ്ലസ് ടു/വൊക്കേഷണൽ ഹയർ സെക്കന്ററി അഥവ തത്തുല്യ അംഗീകൃത യോഗ്യതയുള്ളവർക്ക് ഈ പ്രോഗ്രാമുകളിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. നാല് വർഷ ബിരുദ പ്രോഗ്രാമുകൾക്ക് ലാറ്ററൽ എൻട്രി അനുവദനീയമാണ്. ഒരു വിദ്യാർത്ഥിക്ക് ഒന്നിലധികം ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് അപേക്ഷിക്കുവാൻ കഴിയും.

മറ്റൊരു യു ജി പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളവർക്കും സർവകലാശാല നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് സർവകലാശാലയുടെ അംഗീകാരത്തോടെ അപേക്ഷിക്കാവുന്നതാണ്. അപേക്ഷ ഫീസ് ജനറൽ / എസ് ഇ ബി സി വിദ്യാർത്ഥികൾക്ക് ഓരോ പ്രോഗ്രാമിനും 50 രൂപയും എസ് സി / എസ് ടി വിദ്യാർത്ഥികൾക്ക് ഓരോ പ്രോഗ്രാമിനും 25 രൂപയുമാണ്.

അപേക്ഷകൾ https://ugadmission.ssus.ac.in വഴി ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 12. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.



മൂന്നാർ ഡിവിഷനിലെ കുറത്തിക്കുടി ആദിവാസി ഊരിലെ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ലുലുവിൻറെ പഠനസഹായ കിറ്റ് മൂന്നാർ ഫോറസ്റ്റ് ഡിവിഷൻ ഓഫീസർ രമേഷ് ബിഷ്ണോയ് ഐഎഫ്എസ്ന് വേണ്ടി അടിമാലി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ഷിനോജ് കെ.എസ് കൈമാറുന്നു. കൊച്ചി ലുലു മാൾ പ്രതിനിധികൾ സമീപം.

# കുറത്തിക്കുടി ആദിവാസി ഊരിലെ വിദ്യാർത്ഥികൾക്ക് പഠനസഹായവുമായി കൊച്ചി ലുലു മാൾ

**കൊച്ചി/ഇടുക്കി:** പുത്തൻയൂണിഫോമിൽ പുതിയ പഠനകിറ്റുമായി മൂന്നാർ കുറത്തിക്കുടി ആദിവാസി ഊരിലെ വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകാം. അധ്യായനം ആഘോഷമാക്കാൻ കൊച്ചി ലുലു മാളിൻറെ സഹായം വിദ്യാർത്ഥികളെ തേടിയെത്തികഴിഞ്ഞു. കുറത്തിക്കുടിയിലെ നൂറ് വിദ്യാർത്ഥികൾക്കാണ് സൗജന്യ പഠനസഹായ കിറ്റ് പ്രവേശനോത്സവത്തോട് അനുബന്ധിച്ച് ലുലു സമ്മാനിച്ചത്. കേരള വനംവന്യജീവി വകുപ്പുമായി സഹകരിച്ചാണ് സഹായപദ്ധതി നടപ്പാക്കിയത്.

മൂന്നാർ ഫോറസ്റ്റ് ഡിവിഷൻ ഓഫീസർ രമേഷ് ബിഷ്ണോയ് ഐഎഫ്എസ്ന് വേണ്ടി അടിമാലി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ഷിനോജ് കെ.എസ് കിറ്റുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു. വിദ്യാർത്ഥികൾക്കുള്ള സഹായപദ്ധതികൾ തുടരുമെന്ന് കൊച്ചി ലുലു മാൾ വ്യക്തമാക്കി.ആദിവാസി ഊരിലെ കുട്ടികളുടെ മികവിലേക്കുള്ള കൈത്താങ്ങുകൂടിയാണ് ലുലുവിന്റെ പഠനസഹായം.

മൂന്നാർ കുറത്തിക്കുടിയിലെ പഠനസഹായ വിതരണ ചടങ്ങിൽ അടിമാലി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സൗമ്യ അനിൽ, ലുലു ഇന്ത്യ മീഡിയ ഹെഡ് സ്വരാജ് എൻ.ബി, കൊച്ചി ലുലു മാൾ എച്ച്ആർ മാനേജർ ആൻറോ റൊസാരിയോ, കൊച്ചി ലുലു മാൾ മാർക്കറ്റിങ്ങ് മാനേജർ സനു എസ്, അസിസ്റ്റൻറ് എച്ച്ആർ മാനേജർ സിജോ ടി അച്ചൻകുഞ്ഞ്, സീനിയർ എച്ച്ആർ എക്സികൂട്ടീവുകളായ ബിബിൻ കെ.സി, വിശ്വം വാസു, ട്രെയിനിങ്ങ് മാനേജർ ഷിനാസ്, കോഴിക്കോട് എച്ച്ആർ മാനേജർ ഹരിദാസ് എന്നിവരും ഭാഗമായി.

# കുതിച്ചുയർന്ന് പച്ചക്കറി വില

**മൂവാറ്റുപുഴ:** മഴക്കാലം തുടങ്ങിയതോടെ നഗരത്തിൽ കുതിച്ചുയർന്ന് പച്ചക്കറിവില. ബീൻസ്, തക്കാളി, പച്ചമുളക്, പയർ തുടങ്ങി എല്ലാ ഇനത്തിൻറെയും വിലയിൽ കുതിപ്പ് തുടരുകയാണ്. പല പച്ചക്കറികൾക്കും നൂറിന് മുകളിലാണ് മൂവാറ്റുപുഴയിലെ വിപണിവില.

തൊട്ടാൽ പൊള്ളുംവിധം ഉയരുന്നത് ഇഞ്ചി വിലയാണ്. കിലോയ്ക്ക് 160 മുതൽ 180 രൂപവരെയെത്തി നിൽക്കുകയാണ് ഇഞ്ചിവില. അമരപ്പയറെന്നും, മുതിരപ്പയറെന്നും അറിയപ്പെടുന്ന ബീൻസിനും, കറികളിൽ ഒഴിച്ചുകൂടാനാകാത്ത പച്ചമുളകിനും, തക്കാളിക്കും താരതമ്യേന മറ്റ് പച്ചക്കറികളെ അപേക്ഷിച്ച് വില അൽപം കൂടുതലാണ്.

ബീൻസിന് 130 മുതൽ 140 വരെയും, പച്ചമുളക് 90120 , തക്കാളി 100, ഉണ്ടമുളക് 110, കോളീഫ്ളവർ 65, പയർ 80  90, സവാള 40, കിഴങ്ങ് 40  50, എന്നിങ്ങനെയാണ് വിപണിയിലെ വില. നഗരത്തിലെ വിവിധ പച്ചക്കറി വ്യാപാര സ്ഥാപനങ്ങളിലും വിലയിൽ വ്യത്യാസമുണ്ട്.



അയൽ സംസ്ഥാനങ്ങളിൽ ഉത്പാദനം കുറഞ്ഞതും, സംസ്ഥാനത്തേക്കുള്ള വരവ് കുറഞ്ഞതുമാണ് പച്ചക്കറികളുടെ വില ഉയരാൻ കാരണമെന്ന് വ്യാപാരികൾ പറഞ്ഞു. വേനൽ ശക്തമായതോടെ കൃഷി നശിച്ചതും, മഴ ശക്തമായതോടെ ഉത്പാദനത്തിലുണ്ടായ കുറവും വില വർധനവിന് കാരണമായി.

വിപണിയിൽ നിലവിലെ സ്ഥിതി തുടർന്നാൽ പച്ചക്കറി വിലയിൽ വലിയ കുതിപ്പ് പ്രകടമാകും.

# പുതിയ പ്രചാരണവുമായി ഉജ്ജീവൻ ബാങ്ക്

**കൊച്ചി:** ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് (ഉ ജ്ജീ വൻ എസ് എഫ് ബി) ലോക പുകയില വിരുദ്ധ ദിനത്തിൽ ആരോഗ്യകരമായ ധനകാര്യ സേവനങ്ങൾ തിരഞ്ഞെടുക്കുവാൻ വ്യക്തികൾക്കിടയിൽ ബോധവൽക്കരണം കൊണ്ടു വരുന്നതിനായി നവീന സംരംഭത്തിന് തുടക്കം കുറിച്ചു.സന്ദേശം ശരിയായ ആളുകളിലേക്ക് എത്താൻ കോർപ്പറേറ്റ് ഓഫീസുകൾ, മാളുകൾ, തെരുവുകൾ എന്നിവിടങ്ങളിൽ സിഗരറ്റ് പായ്ക്കറ്റിൻറെ രൂപത്തിൽ  പായ്ക്കുകൾ വിതരണം ചെയ്യുമെന്ന് ഉജ്ജീവൻ എസ് എഫ് ബി യുടെ ചീഫ് മാർക്കറ്റിങ്ങ് ഓഫീസറായ ലക്ഷ്മൺ വേലായുധം പറഞ്ഞു

# യുടിഐ ആസ്തികൾ 3000 കോടി രൂപ കടന്നു

**കൊച്ചി:** യുടിഐ ലാർജ് & മിഡ്ക്യാപ് ഫണ്ട് കൈകാര്യം ചെയ്യുന്ന ആകെ ആസ്തികൾ 3000 കോടി രൂപ കവിഞ്ഞതായി 2024 മെയ് 31ലെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. പദ്ധതിയുടെ നിക്ഷേപത്തിൻറെ 48 ശതമാനം ലാർജ്ക്യാപ് ഓഹരികളിലും 39 ശതമാനം മിഡ്ക്യാപ് ഓഹരികളിലും ശേഷിക്കുന്നത് സ്മോൾകാപ് ഓഹരികളിലുമാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. എച്ച്ഡിഎഫ്സി ബാങ്ക്, ഐസിഐസിഐ ബാങ്ക്, ഐടിസി, റിലയൻസ് ഇൻഡസ്ട്രീസ്, ഫെഡറൽ ബാങ്ക്, അരുബിന്ദോ ഫാർമ, ഇൻഫോസിസ് എന്നിവയിലാണ് പദ്ധതി ഏറ്റവും കൂടുതൽ നിക്ഷേപം നടത്തിയിട്ടുള്ളത്. 2009ൽ ആരംഭിച്ച യുടിഐ ലാർജ് & മിഡ് ക്യാപ് ഫണ്ട് ദീർഘകാല സമ്പത്തു സൃഷ്ടിക്കൽ എന്ന ലക്ഷ്യവുമായി മുന്നേറുന്ന നിക്ഷേപകർക്ക് തങ്ങളുടെ മുഖ്യ ഓഹരി പോർട്ട്ഫോളിയോ സൃഷ്ടിക്കാനുള്ള അവസരമാണ് ലഭ്യമാക്കുന്നതെന്ന് യുടിഐ അധികൃതർ വ്യക്തമാക്കി.





ഇനി അൽപം ഇടവേള...ഇന്നലെ അർദ്ധ രാത്രിമുതൽ ട്രോളിംഗ് നിരോധനം ആരംഭിച്ചതോടെ മൽസ്യ തൊഴിലാളികൾ ബോട്ടിൽ നിന്നും വല ഇറക്കി മടക്കി ലോറിയിലേക്ക് കയറ്റുന്നു. വൈപ്പിൻ കാളമുക്ക് ഹാർബറിൽ നിന്നുള്ള ദൃശ്യം.

എ എസ് സതീഷ്

# അഡ്വഞ്ചർ ടൂറിസ്റ്റുകളുടെ ഇഷ്ടകേന്ദ്രമായി കേരളം

**തിരുവനന്തപുരം:** സാഹസിക ക്യാംപിങ് വിനോദസഞ്ചാരത്തിനായി കേരളത്തിലേക്കെത്തുന്നവർ ഏറെയാണെന്ന കണ്ടെത്തലിനെത്തുടർന്ന് ഒരു ഡസനോളം പുതിയ സ്ഥലങ്ങൾ കണ്ടെത്തി പദ്ധതികൾ ആരംഭിക്കാനൊരുങ്ങുകയാണ് ടൂറിസം വകുപ്പ്.

സാഹസികത ഇഷ്ടപ്പെടുന്ന സഞ്ചാരികളെ പരമാവധി കേരളത്തിലേക്കെത്തിച്ച് ആഗോള സാഹസിക ടൂറിസം മേഖലയിൽ കയ്യൊപ്പ് പതിപ്പിക്കാൻ നാല് അന്താരാഷ്ട്ര പരിപാടികളാണ് കേരള ടൂറിസം നടപ്പാക്കുന്നത്. പാരാഗ്ലൈഡിങ്, സർഫിങ്, മൗണ്ടൻ സൈക്ലിങ്, വൈറ്റ് വാട്ടർ കയാക്കിങ് എന്നിവയിലാണ് കേരളത്തിലെ ചില വിനോദ സഞ്ചാര സ്ഥലങ്ങൾ കേന്ദ്രീകരിച്ച് അന്താരാഷ്ട്ര മത്സരങ്ങൾ നടക്കുന്നത്.സാഹസിക വിനോദസഞ്ചാരം ഇപ്പോൾ വളരെയധികം ശ്രദ്ധയാകർഷിക്കുന്നതായി ടൂറിസം മന്ത്രി പി.എ. മുഹമ്മദ് റിയാസ് പറഞ്ഞു. ആഗോള സാഹസിക വിനോദസഞ്ചാര കേന്ദ്രമായി ഉയരുന്നതിന് കേരളത്തിന് മികച്ച സാധ്യതകളുണ്ട്. വാട്ടർ സ്പോർട്സ് അഡ്വഞ്ചർ ടൂറിസം പ്രമോട്ടർമാർ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവരുമായി സഹകരിച്ച് മേഖലയെ ശക്തിപ്പെടുത്തുന്നതിന് ടൂറിസം വകുപ്പിന് വലിയ പദ്ധതികളുണ്ട്. ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ സർക്കാർ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതായും ആവേശവും സാഹസികതയും ഇഷ്ടപ്പെടുന്നവരുടെ പ്രിയങ്കര സ്ഥലമായി കേരളത്തെ മാറ്റാനാണ് ശ്രമിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇടുക്കി, വയനാട്, കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം, കാസർഗോഡ്, മലപ്പുറം, എറണാകുളം എന്നീ ജില്ലകൾ കേന്ദ്രീകരിച്ചാണ് പ്രധാനമായും സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ നടത്തുന്നത്. വാട്ടർ സ്പോർട്സ്, ട്രെക്കിങ്, പാരാഗ്ലൈഡിങ് എന്നിവയ്ക്ക് ഏറ്റവും അനുയോജ്യമായ സ്ഥലം കൂടിയാണിത്. 23.5 കോടി രൂപയാണ് കഴിഞ്ഞ വർഷം ഈ വിഭാഗവുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയ്ക്ക് വരുമാനമായി ലഭിച്ചത്. പ്രദേശവാസികൾക്ക് മികച്ച അവസരങ്ങൾ ലഭിച്ചതിന് പുറമേ 3000ത്തിലധികം സ്ഥിരജോലികൾ സൃഷ്ടിക്കാനും സാധിച്ചു.ക്യാംപിങ് സാഹസിക ടൂറിസം പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി സംസ്ഥാന സർക്കാർ നേരത്തേ തന്നെ സുരക്ഷാ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിരുന്നു. പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിലാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. സാഹസിക ടൂറിസം പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന ഏകദേശം 200 ആളുകൾ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നു. 60 പേർ ടൂറിസം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

# നാടൻ നേന്ത്രക്കായക്ക് വില കൂടി

**പാലക്കാട്:** വിപണിയിൽ നാടൻ നേന്ത്രക്കായുടെ വില കുതിച്ചുയരുന്നു. ഒരുമാസം മുമ്പ് കിലോയ്ക്ക് 30 രൂപ മാത്രമുണ്ടായിരുന്ന നേന്ത്രക്കായയ്ക്ക്, നിലവിൽ 6065 രൂപവരെ വിലയെത്തി. പ്രാദേശിക ഉത്പാദനം കുറഞ്ഞതും അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള വരവ് കുറഞ്ഞതുമാണ് കാരണം.

ഉഷ്ണതരംഗം രേഖപ്പെടുത്തിയ വേനലിലും പിന്നീടുവന്ന വേനൽ മഴയിലുമായി സംസ്ഥാനത്ത് 2,297 ഹെക്ടർ വാഴക്കൃഷിക്ക് നാശമുണ്ടായെന്നാണ് കൃഷിവകുപ്പിൻറെ പ്രാഥമിക കണക്ക്. ഫെബ്രുവരി മുതൽ മേയ് വരെയുള്ള വേനലിൽ 1425 ഹെക്ടർ നശിച്ചു. 57.98 കോടി രൂപയുടെ നാശമുണ്ടായി.



മെയ് ഒന്നുമുതൽ ജൂൺ അഞ്ചു വരെയുള്ള മഴയിൽ 872 ഹെക്ടറിൽ കൃഷിനാശവും 119 കോടി രൂപയുടെ നഷ്ടവുമുണ്ടായി. ഓണവിപണി ലക്ഷ്യമിട്ടറക്കിയ 30,000 ത്തോളം കർഷകർക്ക് മഴയിൽ നഷ്ടമുണ്ടായി. 638 ഹെക്ടറിൽ കുലച്ച വാഴകളും 234 ഹെക്ടറിൽ കുലയ്ക്കാത്ത വാഴകളും നിലംപൊത്തി. വയനാട്, കോഴിക്കോട്, എറണാകുളം ജില്ലകളിലെല്ലാം മഴയിൽ വലിയ നാശനഷ്ടമുണ്ടായിട്ടുണ്ടെന്നനാണ് കണക്ക്.

# പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ് കോഴ്സ് പ്രവേശനം

**തിരുവനന്തപുരം:** മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ നടത്തിവരുന്ന രണ്ടു വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ് കോഴ്സിലേക്ക് 202324 വർഷത്തെ പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അലോട്ട്മെന്റ് ജൂൺ 12ന് എൽ.ബി.എസ് സെന്ററിന്റെ തിരുവനന്തപുരം കേന്ദ്ര ഓഫീസിൽ നടത്തും. ഠഠഠ.ഹയരെലിറ്റൈല.സല്യമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ നേരിട്ട് ഹാജരായി രാവിലെ 11നു മുമ്പ് രജിസ്റ്റർ ചെയ്യണം. ഒഴിവുകളുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ അലോട്ട്മെന്റിനു മുമ്പ് പ്രസിദ്ധീകരിക്കും. അലോട്ട്മെന്റ് ലഭിക്കുന്നവർ അന്നേ ദിവസം തന്നെ നിർദ്ദിഷ്ട ഫീസ് അടച്ച് പ്രവേശനം നേടണം. കൂടുതൽ വിവരങ്ങൾക്ക്: 04712560361, 363, 364.

# തോട്ടങ്ങളിലെ പരിശോധന തുടരുന്നു; 75 ഇടങ്ങളിലായി 224 നിയമ ലംഘനങ്ങൾ

**തിരുവനന്തപുരം:** തോട്ടം തൊഴിലാളികളുടെ അവകാശ സംരക്ഷണവും ലയങ്ങളുടെ സുരക്ഷിതാവസ്ഥയും ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് തൊഴിൽ വകുപ്പ് സംസ്ഥാനത്ത് നടത്തിവരുന്ന പരിശോധനയിൽ ലയങ്ങളുടെ ശോച്യാവസ്ഥ ഉൾപ്പെടെ 224 നിയമലംഘനങ്ങൾ കണ്ടെത്തി. ഇതിനോടകം 75 തോട്ടങ്ങളിൽ പരിശോധന പൂർത്തിയാക്കിയതായി ലേബർ കമ്മിഷണർ അർജുൻ പാണ്ഡ്യൻ അറിയിച്ചു.

ലയങ്ങളുടെ ശോച്യാവസ്ഥ, ചികിത്സാസൗകര്യങ്ങളുടെ കുറവ്, മറ്റു തൊഴിൽ നിയമലംഘനങ്ങൾ എന്നിവയാണ് കണ്ടെത്തിയിട്ടുള്ളത്. പുതുതായി വീഴ്ചകൾ കണ്ടെത്തിയ സ്ഥലങ്ങളിലെല്ലാം വിശദാംശങ്ങൾ തൊഴിലുടമകളെ വ്യക്തമായി ധരിപ്പിച്ച് 15 ദിവസത്തിനകം പരിഹാരം കണ്ടെത്തുന്നതിന് നോട്ടീസ് നൽകി. സംസ്ഥാനത്ത് കാലവർഷം കനക്കുന്ന സാഹചര്യത്തിൽ ലയങ്ങളുടെ അടിയന്തിര പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യമായ സ്ഥലങ്ങളിൽ അടിയന്തിര ഉടപെടൽ നടത്തുന്നതിന് പ്ലാന്റേഷൻ ചീഫ് ഇൻസ്പെകടറുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ മുൻകൈയെടുക്കണമെന്നും കമ്മിഷണർ നിർദ്ദേശിച്ചു.

സംസ്ഥാനത്തെ വിവിധ പ്ലാന്റേഷൻ ഇൻസ്പെകടർമാരുടെ മേൽ നോട്ടത്തിൽ നടത്തിയ പരിശോധനയിൽ ഇടുക്കി ജില്ലയിലാണ് ഏറ്റവും കൂടുതൽ നിയമലംഘനങ്ങൾ കണ്ടെത്തിയത് 25 പരിശോധനകളിലായി 54 നിയമലംഘനങ്ങളാണ് ഇടുക്കിയിൽ കണ്ടെത്തിയത്. തിരുവനന്തപുരത്ത് 3 തോട്ടങ്ങളിലായി 4 നിയമലംഘനങ്ങൾ, കൊല്ലത്ത്3 ഇടങ്ങളിൽ 30, പത്തനംതിട്ട 3 6, എറണാകുളം 10 30, പാലക്കാട് 951, കോഴിക്കോട് 8 39, വയനാട്ടിൽ 14 എസ്റ്റേറ്റുകളിലായി 10 നിയമലംഘനങ്ങൾ എന്നിങ്ങനെയാണ് കണ്ടെത്തിയിട്ടുള്ളത്.അടഞ്ഞു കിടക്കുന്ന തോട്ടങ്ങളിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ കണ്ടെത്തിയാൽ പ്ലാന്റേഷൻ റിലീഫ് കമ്മിറ്റികൾ വഴി പ്രശ്ന പരിഹാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും അദ്ദേഹം അറിയിച്ചു. തോട്ടം തൊഴിലാളികളുടെ സാമൂഹിക സുരക്ഷയും അവകാശ സംരക്ഷണങ്ങളും ഉറപ്പുവരുത്തുന്നത് ലക്ഷ്യമിട്ട് ലയങ്ങളുടെ ശോച്യാവസ്ഥ, അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, റോഡ്, ചികിത്സാ സംവിധാനങ്ങൾ, അംഗൻവാടികൾ, കളിസ്ഥലം, കമ്മ്യൂണിറ്റി സെന്റർ മറ്റു തൊഴിൽ നിയമ ലംഘനങ്ങൾ എന്നിവ പ്രധാന പരിഗണനയാക്കി പാന്റേഷൻ ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ തൊഴിൽ വകുപ്പ്

പരിശോധന നടത്തിവരികയാണ്. ഇതിനായി വകുപ്പ് പ്രത്യേകം മാർഗ നിർദേശങ്ങളും പുറത്തിറക്കിയിരുന്നു. തുടർ പരിശോധനകൾ ഉറപ്പാക്കുമെന്നും നോട്ടീസ് കാലാവധി തീരുന്നമുറയ്ക്ക് പ്രശ്നപരിഹാരത്തിൽ പിന്നോട്ട് നിൽക്കുന്ന തോട്ടമുടകൾക്കെതിരെ പ്രോസിക്യൂഷൻ അടക്കമുള്ള കർശന നടപടികൾ സ്വീകരിക്കുമെന്നും കമ്മിഷണർ അറിയിച്ചു.

# സ്റ്റാറ്റിസ്റ്റിക്സ് അതിഥി അധ്യാപക നിയമനം

**തിരുവനന്തപുരം:** തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ 202425 അധ്യയന വർഷത്തേക്ക് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ അതിഥി അധ്യാപകരെ താത്കാലികമായി നിയമിക്കുന്നതിനുള്ള അഭിമുഖം ജൂൺ 13നു രാവിലെ 11ന് പ്രിൻസിപ്പലിന്റെ ഓഫീസിൽ നടത്തും.

അസിസ്റ്റന്റ് പ്രൊഫസറായി നിയമനം ലഭിക്കുന്നതിന് യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ള കോളജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ അതിഥി അധ്യാപകരുടെ പാനലിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ ഉദ്യോഗാർഥികൾക്ക് പങ്കെടുക്കാം.

ഉദ്യോഗാർഥികൾ, ബയോഡാറ്റ, യോഗ്യതാ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്, മുൻപരിചയം, തിരിച്ചറിയിൽ രേഖ എന്നിവയുടെ പകർപ്പുകൾ സഹിതം അന്നേ ദിവസം രാവിലെ 11ന് ഹാജരാകണം.

# വീടുകളിലും വിരിയും താമര

വീടുകളിൽ ഗാർഡൻ ഒരുക്കുമ്പോൾ പൂച്ചെടികൾക്കാണ് എല്ലാവരും പ്രാധാന്യം നൽകുന്നത്. ഇവയിൽ തന്നെ റോസാച്ചെടികൾക്കാണ് ആരാധകർ കൂടുതൽ. പല നിറങ്ങളിലുള്ള റോസ് ലഭിക്കുന്നതിനാൽ പൂന്തോട്ടത്തിന് ഇവ കൂടുതൽ ഭംഗി നൽകാറുണ്ട്. നഗരപ്രദേശങ്ങളിൽ വളരെ പരിമിതമായ സ്ഥലം മാത്രം ഉള്ളതിനാൽ പലരും ടെറസിലും മറ്റും ചെടികൾ നട്ടുപിടിപ്പിക്കാറാണ് പതിവ്. എന്നാൽ സ്ഥലമുണ്ടായിരുന്നാലും ഇല്ലെങ്കിലും വീടുകളിൽ അപൂർവമായി മാത്രം വളർത്തുന്ന പൂവാണ് താമര. സ്ഥലമില്ലായ്മ തന്നെയാണ് പ്രധാന കാരണം.വീടുകളുടെ മുറ്റത്ത് ചെറുകുളങ്ങളുണ്ടാക്കി അതിലാണ് താമര വച്ചുപിടിപ്പിക്കുന്നത്. ചുരുക്കം ചില വീടുകളിൽ മാത്രമേ അതിനുള്ള സ്ഥലം ഉണ്ടാവുകയുള്ളൂ. ചിലർ വലിയ പ്ലാസ്റ്റിക് ബേസിനിലും ബക്കറ്റിലുമൊക്കെ താമര വളർത്താറുണ്ട്. എന്നാൽ സ്ഥലപരിമിതിയുണ്ടെങ്കിലും ചെറിയ വീടുകളിലും താമര വിരിയിക്കാനാകും.താമര വിത്തുകൾ അനുകൂല സാഹചര്യങ്ങൾ ലഭിച്ചാൽ പോലും മുളയ്ക്കാത്തയിനമാണ്. അവയുടെ കട്ടിയുള്ള പുറന്തോടാണ് ഇതിനുള്ള പ്രധാന കാരണം.



എത്രകാലം വെള്ളത്തിൽ കിടന്നാലും അല്പം പോലും ജലാംശം ഉള്ളിൽ കടക്കില്ല. താമര വിത്തുകൾക്ക് ഓവൽ ആകൃതിയാണുള്ളത്. അതിന്റെ അറ്റം കൂർത്തിരിക്കും.

ഇതിന്റെ രണ്ടുവശവും ചെറുതായി പൊട്ടിച്ചെടുക്കണം. അതിന് ശേഷം വിത്ത് ഒരു ഗ്ലാസ് വെള്ളത്തിൽ ഇട്ടുവയ്ക്കണം. വെള്ളത്തിന്റെ നിറം മാറുന്നതിന് അനുസരിച്ച് വെള്ളം മാറ്റിക്കൊടുക്കുക. കുറച്ചുദിവസങ്ങൾ കഴിയുമ്പോൾ വിത്ത് ഇരട്ടി വലുപ്പമാകും. പിന്നീട് മുളപൊട്ടി തുടങ്ങും. മുള പുറത്തേക്ക് വന്നാൽ മാത്രമേ ഇലകൾ വിരിഞ്ഞു തുടങ്ങൂ.നാലു ഇലകൾ വരുന്നത് വരെയുള്ള ഊർജം വിത്തിനുള്ളിൽ തന്നെ ഉണ്ടാകും. ഒരു മാസം വിത്ത് വെള്ളത്തിൽ തന്നെ കിടക്കും.

അതിനിടെ വേരുകൾ മുളയ്ക്കാൻ തുടങ്ങുമ്പോൾ ശ്രദ്ധയോടെ വെള്ളത്തിൽ നിന്നും എടുത്ത് മറ്റൊരു വ്യാസമുള്ള പാത്രത്തിൽ ചളി, ചരൽ, മണ്ണിര കമ്പോസ്റ്റ് എന്നിവ നിറച്ച് അതിൽ മുക്കാൽ ഭാഗം വെള്ളവുമൊഴിച്ച് മാറ്റി നടണം. ഇതിന് ശേഷമായിരിക്കും അഞ്ചാമത്തെ ഇല വരുന്നത്. തുടർന്ന് ചെടി വലുതാകുന്നതിന് അനുസരിച്ച് പാത്രവും വലുതാക്കി കൊടുക്കാം. നല്ല ഭംഗിയുള്ള താമര നമ്മുടെ വീട്ടിലും വിരിയിക്കാം.



# വീട്ടുമുറ്റത്താകാം ചെണ്ടുമല്ലിക്കൃഷി

മുറ്റത്തെ ചെണ്ടുമല്ലിക്കു മണവും ഗുണവും ഇത്തിരി കൂടും. അൽപം പരിശ്രമിച്ചാൽ ഓണക്കാലത്ത് നല്ല കാശും തരും. കേരളത്തിൽ പലയിടത്തും ചെണ്ടുമല്ലി തരക്കേടില്ലാതെ വിളയുന്നുണ്ട്. ഈ ഓണത്തിന് ഒന്നു പരീക്ഷിച്ചാലോ? മാരിഗോൾഡ് അഥവാ കൊങ്ങിണി, ബന്തി എന്നീ പേരുകളിലെല്ലാം അറിയപ്പെടുന്ന ചെണ്ടുമല്ലി ഓണത്തിന് പറിക്കണമെങ്കിൽ ഏതാണ്ട് ജൂലൈ പത്തോടു കൂടി തൈകൾ പറിച്ചു നടണം. തൈകൾ ഉണ്ടാക്കാൻ ഇപ്പോൾ തുടങ്ങാം. ഒരു ഹെക്ടറിൽനിന്ന് 6000 മുതൽ 10000 വരെ കിലോ പൂക്കൾ വിളവെടുക്കാം. ഓണപ്പൂക്കളം മാത്രമല്ല മൂല്യവർധിത ഉൽപന്നങ്ങൾക്കും സാധ്യതയുണ്ട്. ചെണ്ടുമല്ലി പൂക്കളിൽനിന്ന് കൊതുകുതിരി, അഗർബത്തി എന്നിവ ഉണ്ടാക്കാൻ കഴിയും. ചെണ്ടുമല്ലിപ്പൂക്കളിൽനിന്നും ഭക്ഷ്യയോഗ്യമായ നിറങ്ങളും ഉണ്ടാക്കാം.

ആഫ്രിക്കൻ മാരിഗോൾഡ്, ഫ്രഞ്ച് മാരിഗോൾഡ് എന്നിങ്ങനെ രണ്ടു തരത്തിലുണ്ട് ചെണ്ടുമല്ലി. ആകർഷകമായ ചെറിയ പൂക്കളാണ് ഫ്രഞ്ച് മാരിഗോൾഡിന്. നല്ല കുറ്റിച്ചെടിയായ ഇത് വളരെ ചെറുപ്പത്തിൽ തന്നെ (പറിച്ചു നട്ട് 4045 ദിവസങ്ങൾക്കുള്ളിൽ ) പൂക്കൾ പിടിക്കാൻ തുടങ്ങും. വിവിധ വർണങ്ങളിൽ ലഭ്യമാണ്. വാണിജ്യ പ്രാധാന്യമുള്ളതു വലിയ പൂക്കളുള്ള ആഫ്രിക്കൻ മാരിഗോൾഡിനാണ്. ഓറഞ്ച്, മഞ്ഞ, വെള്ള തുടങ്ങിയ നിറങ്ങളിൽ ഇവ ലഭ്യമാണ്.

നഴ്സറികളിൽ പലതിലും ഇപ്പോൾ വിത്തുകൾ ലഭിക്കുന്നുണ്ട്. ഓൺലൈനായും ലഭിക്കും. സങ്കര ഇനങ്ങളാണ് നല്ലത്. കേന്ദ്ര സർക്കാർ സ്ഥാപനമായ ബാംഗ്ലൂർ ഹസ്സർഘട്ടയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾചർ റിസർച്ച് പുറത്തിറക്കിയ ഇനങ്ങളാണ് മഞ്ഞ നിറമുള്ള അർക്ക ബംഗാര, ഓറഞ്ച് നിറത്തിലുള്ള അർക്ക അഗ്നി എന്നിവ. ന്യൂഡൽഹിയിലെ ഇന്ത്യൻ അഗ്രികൾചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ ഇനങ്ങളാണ് പുസ ബസന്തി (മഞ്ഞ), പുസ നരംഗി ഗൈൻഡ (ഓറഞ്ച് ) എന്നിവയും നല്ലതാണ്.

നല്ല സൂര്യപ്രകാശമുള്ളതും വെള്ളക്കെട്ട് ഇല്ലാത്തതുമായ സ്ഥലം തിരഞ്ഞെടുക്കണം. തണൽ കൂടുതലെങ്കിൽ പൂക്കൾ കുറയും. കിളച്ചു കട്ടയുടച്ച് ഒരു സെന്റിന് 23 കിലോ കുമ്മായപ്പൊടി /ഡോളമൈറ്റ് ചേർത്തിളക്കി രണ്ടാഴ്ച കഴിഞ്ഞ ശേഷം ഒരു സെന്റ് സ്ഥലത്തേക്ക് 100 കിലോ അളവിൽ അഴുകിപ്പൊടിഞ്ഞ കാലിവളവും സെന്റിന് 220 ഗ്രാം യൂറിയ, 400 ഗ്രാം മസൂറിഫോസ്, 100 ഗ്രാം പൊട്ടാഷ് എന്നീ അളവിൽ അടിസ്ഥാന വളവും ചേർക്കാം. മഴക്കാലകൃഷി ആയതിനാൽ അൽപം ഉയരമുള്ള വാരങ്ങളിൽ നടുന്നതാണുത്തമം. വൈകുന്നേരങ്ങളിൽ തൈകൾ പറിച്ചു നടണം. വരികളും ചെടികളും തമ്മിൽ ഒന്നര അടി അകലം നൽകാം. ഒരു സെന്റിൽ ഏതാണ്ട് 200 ചെടികൾ നടാം. നട്ട് ഇരുപതു ദിവസം കഴിയുമ്പോൾ ഇടയിളക്കി സെന്റിന് 220ഗ്രാം യൂറിയ, 100 ഗ്രാം പൊട്ടാഷ് എന്നിവ മേൽ വളമായി നൽകാം. പറിച്ചു നട്ട് 27 ദിവസം കഴിയുമ്പോൾ മണ്ട നുള്ളിക്കൊടുക്കുന്നത് കൂടുതൽ ശിഖരങ്ങൾ വരാനും ചെടികൾക്ക് കരുത്ത് കൂടാനും സഹായിക്കും. മൊട്ട് വന്ന് കഴിഞ്ഞാൽ പിന്നെ മണ്ണിൽ ഈർപ്പം കുറയാൻ പാടില്ല. പറിച്ചു നട്ട് ഏതാണ്ട് 6065 ദിവസങ്ങൾ കഴിയുമ്പോൾ പൂക്കൾ വിളവെടുത്ത് തുടങ്ങാം. മൂന്നു ദിവസത്തിലൊരിക്കൽ പൂക്കൾ വിളവെടുക്കാം. കളനിയന്ത്രണം അത്യന്താപേക്ഷിതം.

# കുരുമുളക് കച്ചവടം ഇനി ഓൺലൈനിൽ; കൊച്ചിയിൽ തുടക്കം

രാജ്യത്തെ കുരുമുളക് കച്ചവടവും ഓൺലൈനിലേക്ക്. കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്ത്യൻ പെപ്പർ ആൻഡ് സ്പൈസസ് ട്രേഡ് അസോസിയേഷനാണ് (ഇപ്സ്റ്റ) ഓൺലൈൻ വ്യാപാരത്തിന് തുടക്കമിട്ടത്.

കൊച്ചിയിൽ നേരത്തേ ഓൺലൈൻ അവധിവ്യാപാരം ഉണ്ടായിരുന്നെങ്കിലും പിൽക്കാലത്ത് അത് നിർത്തിയിരുന്നു. ശാസ്ത്രീയപരിശോധന പൂർത്തിയാക്കിയ കുരുമുളക് വെയർഹൗസുകളിൽ ശേഖരിച്ച ശേഷമാണ് ഓൺലൈൻ കച്ചവടം നടത്തുക. ഇതിനുള്ള സംവിധാനങ്ങൾ ഇപ്സ്റ്റയുടെ നേതൃത്വത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കർഷകർക്കും വ്യാപാരികൾക്കുമൊക്കെ സുതാര്യമായി ഇടപാടുകൾ നടത്താമെന്നതാണ് സവിശേഷത. കർഷകന് നല്ല വില ലഭിക്കാൻ വഴിയുമൊരുങ്ങും.

കുരുമുളക് വിൽക്കാനുള്ളവർക്ക് അംഗീകൃത വെയർഹൗസുകളിലോ, സ്വന്തം ഗോഡൗണുകളിലോ ചരക്ക് ശേഖരിക്കാം. ഇതിന്റെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിക്കാൻ സ്വതന്ത്ര ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവർ നൽകുന്ന സർട്ടിഫിക്കറ്റിനൊപ്പമാണ് ഓൺലൈനിൽ ചരക്ക് പ്രദർശിപ്പിക്കുക. ആവശ്യമുള്ളവർക്ക് സർട്ടിഫിക്കറ്റ് പരിശോധിച്ച ശേഷം, വില നിശ്ചയിച്ച് ചരക്ക് വാങ്ങാം. സ്വന്തം ഗോഡൗണുകളിൽ കുരുമുളക് ശേഖരിക്കുന്നവർ 10 ശതമാനം ഡിപ്പോസിറ്റ് നൽകണമെന്നും വ്യവസ്ഥയുണ്ട്.



തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിലാണ് ഓൺലൈൻ വ്യാപാരം. ദിവസവും അഞ്ച് മിനിറ്റ് കച്ചവടം നടത്താം. വെള്ളിയാഴ്ച ഓൺലൈൻ വ്യാപാരം തുടങ്ങിയെങ്കിലും വില കുറഞ്ഞതിനാൽ ആരും വിൽക്കാൻ തയ്യാറായില്ല. വാങ്ങലുകാർക്ക് ബാങ്കിൽനിന്ന് വായ്പകൾ ലഭ്യമാക്കുന്നതിന് ഇപ്സ്റ്റ സഹായിക്കും.



# പാക്കിസ്ഥാനെതിരെ ഇന്ത്യയ്ക്ക് 6 റൺസ് ജയം; ബുമ്രയ്ക്ക് 3 വിക്കറ്റ്

**ന്യൂയോർക്ക്:** ജയിക്കാൻ അതിയായ ആഗ്രഹമുണ്ടെങ്കിൽ, അതിനായി അവസാന നിമിഷം വരെ പൊരുതാനുള്ള മനസ്സുണ്ടെങ്കിൽ വിജയം സുനിശ്ചിതമാണെന്ന് ടീം ഇന്ത്യ ഒരിക്കൽകൂടി തെളിയിച്ചിരിക്കുന്നു. ആവേശം അവസാന ഓവറിലേക്കൊഴുകിയ സൂപ്പർ ത്രില്ലറിൽ പാക്കിസ്ഥാനെതിരെ ടീം ഇന്ത്യയ്ക്ക് 6 റൺസിന്റെ ഉജ്വല വിജയം.

ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റു ചെയ്ത ഇന്ത്യയെ 19 ഓവറിൽ 119 റൺസിനു പുറത്താക്കിയ പാക്കിസ്ഥാൻ വിജയം ഉറപ്പിച്ചിരുന്നു. എന്നാൽ, ബോളർമാരുടെ കരുത്തിൽ തിരിച്ചടിച്ച ഇന്ത്യ, പാക്കിസ്ഥാനെ 20 ഓവറിൽ 7ന് 113 എന്ന സ്കോറിൽ തളച്ച് 6 റൺസിന്റെ ആവേശജയം പിടിച്ചെടുത്തു. ജയത്തോടെ ഗ്രൂപ്പ് എയിൽ ഇന്ത്യ ഒന്നാമതെത്തി. തോൽവിയോടെ ടൂർണമെന്റിൽ പാക്കിസ്ഥാന്റെ ഭാവി പരുങ്ങലിലായി.

അർഷ്ദീപ് സിങ് എറിഞ്ഞ അവസാന ഓവറിൽ 18 റൺസായിരുന്നു പാക്കിസ്ഥാന് ജയിക്കാൻ ആവശ്യം. ആദ്യ പന്തിൽ ഇമാദ് വസീമിനെ (23 പന്തിൽ 15) പുറത്താക്കിയ അർഷ്ദീപ് അടുത്ത രണ്ടു പന്തുകളിലും വഴങ്ങിയത് ഓരോ റൺ വീതം. അവസാന 3 പന്തുകളിൽ ജയിക്കാൻ 16 റൺസ്.

നാലാം പന്തിലും അഞ്ചാം പന്തിലും ബൗണ്ടറി നേടിയ നസീം ഷായ്ക്ക് (4 പന്തിൽ 10 നോട്ടൗട്ട്) അവസാന പന്തിൽ നേടാനായത് ഒരു റൺ മാത്രം. 4 ഓവറിൽ 14 റൺസ് വഴങ്ങി 3 വിക്കറ്റ് വീഴ്ത്തിയ ഇന്ത്യൻ പേസർ ജസ്പ്രീത് ബുമ്രയാണ് പ്ലെയർ ഓഫ് ദ് മാച്ച്.

# ലൈഫ് കവർ ഭേദങ്ങളുമായി ഐസിഐസിഐ പ്രൂ പ്ലാറ്റിനം

**തൃശൂർ:** മുഴുവൻ പോളിസി കാലയളവിലും നിക്ഷേപം തുടരാൻ ഉപഭോക്താക്കളെ പ്രോത്സാഹിപ്പിക്കുന്നതിന് ഐസിഐസിഐ പ്രൂ പ്ലാറ്റിനം പദ്ധതി പുറത്തിറക്കി. ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ ആദ്യത്തെ യൂണിറ്റ് ലിങ്ക്ഡ് പദ്ധതിയാണിത്. ദീർഘകാലാടിസ്ഥാനത്തിൽ സമ്പത്ത് കെട്ടിപ്പടുക്കുന്നതിന് ഉപഭോക്താക്കൾക്ക് കാര്യക്ഷമമായ മാർഗവും ഈ പോളിസി വാഗ്ദാനം ചെയ്യുന്നതായി കമ്പനി അധികൃതർ വ്യക്തമാക്കി. ഉപഭോക്താക്കൾക്ക് പ്രൂ പ്ലാറ്റിനത്തിന് കീഴിൽ 13 ഇക്വിറ്റികളും ഡെബ്റ്റ്, ബാലൻസ്ഡ് വിഭാഗങ്ങളിൽ നാല് വീതം ഉൾപ്പെടുന്ന 21 ഫണ്ടുകളും തിരഞ്ഞെടുക്കാം. കൂടാതെ നാല് പോർട്ട്ഫോളിയോ സ്ട്രാറ്റജികളുടെ ഒരു ഓപ്ഷനും പ്രൂ പ്ലാറ്റിനം ലഭ്യമാക്കുന്നു. രണ്ട് ലൈഫ് കവർ വകഭേദങ്ങാണ് ഐസിഐസിഐ പ്രൂ പ്ലാറ്റിനത്തിനുള്ളത്. ഗ്രോത്ത് പ്ലസ് വകഭേദത്തിൽ നോമിനിക്ക് സം അഷ്വേർഡ് അല്ലെങ്കിൽ ഫണ്ട് മൂല്യം ഇതിൽ ഏതാണോ ഉയർന്നത് അത് സ്വീകരിക്കാൻ അർഹതയുണ്ടാവും. പ്രൊട്ടക്റ്റ് പ്ലസ് വകഭേദത്തിൽ നോമിനിക്ക് സം അഷ്വേർഡും ഫണ്ട് മൂല്യവും ലഭിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# റിസർച്ച് അസിസ്റ്റന്റ് കരാർ നിയമനം

**കൊച്ചി:** ആരോഗ്യ വകുപ്പ് ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ കേരളയിൽ ഒഴിവുള്ള മൂന്ന് റിസർച്ച് അസിസ്റ്റന്റ് തസ്തികയിലേക്ക് കരാർ നിയമനം നടത്തുന്നു. സയൻസ്, ഹെൽത്ത്, സോഷ്യൽ സയൻസ് വിഷയങ്ങളിലുള്ള ബിരുദവും, എം.പി.എച്ച്/എം.എസ്.സി നഴ്സിംഗ്/എം.എസ്.ഡബ്ല്യു എന്നിവയിലുള്ള ബിരുദാനന്തര ബിരുദവും നിർബന്ധം. പ്രായപരിധി 35 വയസ്, അപേക്ഷകൾ ജൂൺ 20 വൈകിട്ട് 5നകം ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.sshrc.kerala.gov.in.

# സംസ്ഥാനത്ത് പൈനാപ്പിൾ വില താഴേക്ക്



**കൊച്ചി:** കനത്ത വേനലിനു ശേഷം സംസ്ഥാനത്ത് മഴ എത്തിയതോടെ പൈനാപ്പിൾ വിപണിക്ക് പഞ്ഞമാസം ആരംഭിച്ചു. പൈനാപ്പിൾ പഴത്തിന് രണ്ടരയാഴ്ച കൊണ്ട് കിലോയ്ക്ക് 39 രൂപയാണ് ഇടിഞ്ഞത്. തിങ്കളാഴ്ച പഴത്തിന് ഗ്രോവേഴ്സ് അസോസിയേഷന്റെ കണക്ക് പ്രകാരം 28 രൂപയാണ്. കഴിഞ്ഞ വർഷം ഇതേകാലത്ത് ലഭിച്ച വിലയെക്കാൾ താഴെയാണ് ഇത്. അതേസമയം, ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഉഷ്ണതരംഗം തുടരുന്നതിനാൽ അവിടെ ആവശ്യം ഉയർന്നുനിൽക്കുകയാണ്. അതിനാൽ, അങ്ങോട്ടേക്ക് അയയ്ക്കുന്ന പൈനാപ്പിൾ പച്ച, സ്പെഷ്യൽ പച്ച എന്നിവയുടെ വിലയിൽ കാര്യമായ ഇടിവ് പ്രകടമായിട്ടില്ല.

മറ്റ് സംസ്ഥാനങ്ങളിലേക്ക് കേരളത്തിൽ നിന്ന് 4044 രൂപ നിരക്കിലാണ് പൈനാപ്പിൾ പച്ച കയറ്റുമതി ചെയ്യുന്നത്. ആഭ്യന്തര വിപണിയിൽ പഴത്തിന് വിലയിടിയുമ്പോൾ കർഷകന് നേരിയ ആശ്വാസം ഈ കയറ്റുമതിയാണ്.ഈ വർഷത്തെ വേനൽച്ചൂടിന്റെ പൊള്ളലേറ്റവരിൽ പൈനാപ്പിൾ വിപണിയുമുണ്ട്. ഇത്തവണ കൃഷി അധികമായിരുന്നെങ്കിലും വിളവിൽ അത് പ്രതിഫലിച്ചില്ല. ചൂട് കാരണം പൈനാപ്പിൾ ചെടികൾക്ക് ഉണക്ക് ബാധിച്ചിരുന്നു. മൂന്നു വർഷത്തേക്ക് മൂന്നു വിളകൾ എന്ന നിലയിലാണ് സാധാരണ നിലയിൽ കൃഷി ചെയ്യുന്നത്. ഇതിലെ ആദ്യവിള മാത്രമാണ് നല്ല രീതിയിൽ ലഭിച്ചത്. ചൂടേറിയതോടെ തുടർന്നുള്ള വിളവുകൾ കുറഞ്ഞതിനു പുറമേ അടുത്ത വിളയ്ക്കുള്ള വിത്തിനും ക്ഷാമം നേരിടുകയാണ്. 202425 സാമ്പത്തികവർഷം ഉത്പാദനത്തിൽ 30 ശതമാനത്തിന്റെ കുറവ് വരുമെന്നാണ് വ്യാപാരികൾ പറയുന്നത്.ഈ സീസണിൽ 1.5 ലക്ഷം ടണ്ണിന്റെ ഉത്പാദനം നടന്നെങ്കിലും ഇത് മുൻവർഷത്തെ അപേക്ഷിച്ച് 15 ശതമാനം കുറവാണ്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663